# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 സെപ്റ്റംബർ 02 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### ലോകനാളികേര ദിനം ആചരിച്ചു
## സ്റ്റാർട്ടപ്പ് സംരംഭങ്ങൾ കാർഷിക മേഖലയിലേക്ക് വിന്യസിക്കണം: സ്പീക്കർ

സ്റ്റാർട്ടപ്പ് സംരംഭങ്ങൾ കാർഷിക മേഖലയിലെ വിന്യസിക്കപ്പെട്ടാൽ വിസ്ഫോടനാത്മക മായ മാറ്റങ്ങൾ ഉണ്ടാവുമെന്ന് നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ പറഞ്ഞു. കാർഷിക ഉൽപന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത വസ്തുക്കൾ സൃഷ്ടിക്കുന്നതിൽ അപര്യാപ്തത നില നിൽക്കുന്നുണ്ട്. സാങ്കേതിക വൈദഗ്ധ്യം കാർഷികമേഖലയിൽ ഉപയോഗിക്കപ്പെടണം. സർവക ലാശാലകളുടെ മികവ്, കൃഷി ചെയ്യാനുള്ള താൽപര്യം, കൂട്ടുകൃഷി സംരംഭങ്ങൾ, സാങ്കേതിക വൈദഗ്ധ്യം എന്നിവ ഒത്തുചേർന്നാൽ കാർഷിക മേഖല വൻകുതിപ്പ് കൈവരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ലോകനാളികേര ദിനാചരണം കാർഷിക സർവകലാശാല സെൻട്രൽ ഓഡിറ്റോ റിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സ്പീക്കർ.

പ്രവാസി വരുമാനത്തിന്റെ സുരക്ഷിതത്വത്തിൽ കഴിയുന്ന കേരളത്തിന് മുഖ്യസമ്പത്തുൽപാദന മാർഗ്ഗം കൃഷിയാണെന്ന് പറയാനാകാത്ത സ്ഥിതിയുണ്ട്. കേരളത്തിന്റെ കാർഷിക സമൃദ്ധിയെ ഉത്തേജിപ്പിക്കണം. ആരും ശ്രദ്ധിക്കാതെ ഉപേക്ഷിച്ചിരുന്ന ചക്കയിൽ നിന്ന് 64 മൂല്യവർദ്ധിത ഉൽപ ന്നങ്ങൾ ആണ് ഉണ്ടാക്കിയത്. ഇത്തരം ഉൽപന്നങ്ങൾ നാളികേരത്തിൽ നിന്നും ഉണ്ടാക്കുന്നതിന് കഴിയണം. കൂട്ടുകൃഷിയാണ് കാർഷിക പുരോഗതിയുടെ അടിസ്ഥാനമെന്നും സ്പീക്കർ പറഞ്ഞു.

കാർഷിക സർവകലാശാല നടപ്പാക്കുന്ന നാളികേര അധിഷ്ഠിത നൈപുണ്യ വികസനവും വിജ്ഞാനവും എന്ന പദ്ധതിയുടെ ഉദ്ഘാടനവും സ്പീക്കർ നിർവഹിച്ചു. നാളികേരം അധിഷ്ഠിത വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതി ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കുന്നത്. രാഷ്ട്രീയ കൃഷി വികാസ് യോജന-റാഫ്തർ പരിശീലനം പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു.

ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ നാഫ്താർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. എൻഎഎച്ച് ഇപി ദേശീയ കോ-ഓർഡിനേറ്റർ ഡോ. പ്രൊബീർ കുമാർഘോഷ് പദ്ധതി വിശദീകരിച്ചു. സർവക ലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം കെ വി വിജയദാസ് എംഎൽഎ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഐ എസ് ഉമാദേവി, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി എസ് വിനയൻ, കാർഷി കോൽപ്പാദന കമ്മീഷണർ ഡി കെ സിംഗ്, സർവകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായ ഡോ. എ അനിൽകുമാർ, ഡോ. ടി പ്രദീപ്കുമാർ, രാജ്ശേഖർ പി വാര്യർ, ഡിപിസി കൺസോർഷ്യം ചെയർമാൻ പി വിനോദ്കുമാർ തുടങ്ങിയവർ സംസാരിച്ചു. ഉച്ചയ്ക്ക് ശേഷം മൂന്ന് സെഷനുകളായി നാളികേര സെമിനാറും നടന്നു.

# ‘നീര’ പൊതുബ്രാന്റിൽ പുറത്തിറക്കും: കൃഷി മന്ത്രി

ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നാളികേര അധിഷ്ഠിത ഉൽപന്നമായ ‘നീര’ പൊതുബ്രാന്റിൽ പുറത്തിറക്കാൻ നടപടി സ്വീകരിക്കുമെന്ന് കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ പറഞ്ഞു. പൊതുലോഗോയും അംഗീകരിക്കും. ലോക നാളികേരദിനാചരണ ചടങ്ങിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു കൃഷി മന്ത്രി. നീരയിൽ ഉണ്ടാവേണ്ട അടിസ്ഥാന ചേരുവകൾ സംബന്ധിച്ചുള്ള വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ട്. ഈ രംഗത്ത് പുതിയ സ്റ്റാർട്ടപ്പ് സംരംഭകർ കടന്നു വരുന്നുണ്ട്. നീര ടെട്രാപായ്ക്കിൽ പുറത്തിറിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. പതിനായിരം ലിറ്റർ നീര കൺസോർഷ്യം അടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുകയാണ് ലക്ഷ്യമെന്നും വി എസ് സുനിൽകുമാർ പറഞ്ഞു. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ലാഭവിഹിതം കർഷകർക്കു തന്നെ ലഭിക്കണമെങ്കിൽ കർഷക ഉൽപാദക കമ്പനികളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തണം. തെങ്ങിനെ ബാധിക്കുന്ന ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, രോഗങ്ങളെ ചെറുക്കുന്നതിന് സംസ്ഥാനതല കാമ്പയിൻ സംഘടിപ്പിക്കും. നാളികേര കൃഷിയിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് രണ്ടു കോടി തെങ്ങിൻ തൈകൾ 10 വർഷം കൊണ്ട് വച്ചു പിടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു.

### ജില്ലാ വനം അദാലത്ത്: നഷ്ടപരിഹാരം നൽകിയത് 16.80 ലക്ഷം രൂപ

# വന്യജീവി ആക്രമണം: ഉൾക്കാട്ടിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കും: മന്ത്രി കെ. രാജു

വന്യജീവി ആക്രമണം രൂക്ഷമായ സാഹചര്യത്തിൽ ഉൾക്കാടുകളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെയടക്കം പുരധിവസിപ്പിക്കാൻ നടപടി തുടങ്ങിയതായി വനം-വന്യ ജീവി വകുപ്പ് മന്ത്രി അഡ്വ. കെ. രാജു അറിയിച്ചു. തൃശൂർ ജില്ലാ വനം അദാലത്ത് ചാലക്കുടി എസ്.എൻ.ജി ട്രസ്റ്റ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവരുടെ വനാവകാശ നിയമപ്രകാരമുള്ള അവകാശം നിഷേധിച്ചുകൊണ്ടായിരിക്കില്ല ഇത്. സ്വമേധയാ മാറിപ്പോവാൻ ആഗ്രഹിക്കുന്നവരെ മാത്രമാണ് പുനരധിവസിപ്പിക്കുക. പുനരധിവാസ തുക 20 ലക്ഷമായി ഉയർത്താൻ കേന്ദ്രസർക്കാറിന് പദ്ധതി സമർപ്പിച്ചതായും അംഗീകാരം പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു. വന്യജീവികൾക്ക് ഉൾവനങ്ങളിൽ ജലസ്രോതസ്സ് ഉറപ്പാക്കുന്നതിനും വനാതിർത്തി വേർതിരിച്ച് കൂടുതൽ കാര്യക്ഷമമായ വേലികൾ കെട്ടുന്നതിനും കേന്ദ്രസഹായം ആവശ്യപ്പെട്ടതായും മന്ത്രി അറിയിച്ചു.

പട്ടയ ഭൂമിയിലെ മരങ്ങളുടെ അവകാശം സംബന്ധിച്ച് പട്ടയത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ആ വ്യവസ്ഥകൾക്ക് അനുസരിച്ചേ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാനാവൂ. എന്നാൽ, പട്ടയം കിട്ടിയ വ്യക്തികൾ പട്ടയഭൂമിയിൽ സ്വന്തമായി നട്ടു വളർത്തിയ ചന്ദനം പോലെയല്ലാത്ത വൃക്ഷങ്ങൾ മുറിക്കുന്നതിനും ഉപയോഗിക്കുന്നതിനും അനുമതി നൽകുന്നതിന് പട്ടയ വ്യവസ്ഥയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് റവന്യു വകുപ്പുമായി ചേർന്ന് നടപടികൾ ആരംഭിച്ചതായി മന്ത്രി അറിയിച്ചു.

നേരത്തെ ലഭിച്ച 230 പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്. ഇതിൽ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട 105 പരാതികളിൽ 16,86,883 രൂപ നഷ്ടപരിഹാരമായി വേദിയിൽവെച്ചുതന്നെ വിതരണം ചെയ്തു. തീർപ്പാക്കിയ പരാതികളിലുള്ള ഉത്തരവുകൾ അദാലത്തിൽ കൈമാറി. അദാലത്തിൽ ലഭിച്ച 21 പുതിയ പരാതികളിൽ രണ്ടെണ്ണവും പരിഹരിച്ചു. ശേഷിച്ചവ 30 ദിവസത്തിനകം തീർപ്പാക്കും. നേരത്തെ ലഭിച്ച പരാതികളിൽ നാലെണ്ണമാണ് നിരസിച്ചത്. ഇതിൽ മൂന്നെണ്ണം കോടതിയുടെ പരിഗണനയിലുള്ളതും ഒന്ന് പട്ടയ സംബന്ധവുമായിരുന്നു.

വന്യജീവി ആക്രമണം, കൃഷി നാശം, അപകടകരമായ മരങ്ങൾ മുറിക്കൽ, പട്ടയഭൂമിയിലെ മരം മുറിച്ച് ഉപയോഗിക്കൽ തുടങ്ങിയവ സംബന്ധിച്ച പരാതികളാണ് പരിഗണിച്ചത്. സംസ്ഥാനത്തെ നാലാമത്തെ അദാലത്താണിത്. തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട ജില്ലകളിലാണ് ഇതിനു മുമ്പ് അദാലത്തുകൾ നടന്നത്.

ചടങ്ങിൽ ബി.ഡി.ദേവസ്സി എംഎൽഎ അധ്യക്ഷത വഹിച്ചു. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ഷീജു, ചാലക്കുടി മുനിസിപ്പൽ ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാർ, മുൻസിപ്പൽ കൗൺസിലർ ഗീത, പ്ലാനിങ് ആൻഡ് ഡെവലപ്മെന്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ദേവേന്ദ്രകുമാർ വർമ്മ, തൃശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ രാജേഷ് രവീന്ദ്രൻ, ചാലക്കുടി ഡി.എഫ്.ഒ എൻ. മായ, വാഴച്ചാൽ ഡി.എഫ്.ഒ എസ്.വി. വിനോദ്, കക്ഷിനേതാക്കളായ ടി എ ജോണി (സി.പി.ഐ.എം), പി.കെ. വിജയൻ (സി.പി.ഐ), വി ഐ പോൾ (എൻ സി പി), ജോസ് പൈനാടത്ത് (ജെ ഡി (എസ്), പി കെ മാത്യു (കേരള കോൺഗ്രസ് എം), ഷാജു വടക്കൻ (കേരള കോൺഗ്രസ് ജെ) തുടങ്ങിയവർ സംബന്ധിച്ചു.

## പാൽവില; കർഷകർക്ക്
## ആശ്വാസകരമായ തീരുമാനം ഉടൻ: മന്ത്രി അഡ്വ. കെ രാജു

പാൽവിലയുമായി ബന്ധപ്പെട്ട് കർഷകർക്ക് ആശ്വാസകരമായ തീരുമാനം ഉടൻ എടുക്കുമെന്ന് വനം-മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ രാജു മിൽമയുടെ നവീകരിച്ച ഡയറിയുടെ ഉദ്ഘാടനം രാമവർമ്മപുരം ഡയറി കോമ്പൗണ്ടിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രളയനഷ്ടങ്ങളും കാലിത്തീറ്റ വിലവർദ്ധനവും കണക്കിലെടുത്ത് ശാസ്ത്രീയമായി വകുപ്പ് തല അപഗ്രഥനത്തിന് തീരുമാനം കൈക്കൊള്ളുമെന്നും മന്ത്രി പറഞ്ഞു. തൃശൂരിലെ പ്ലാന്റ് നവീകരിച്ച ശേഷം പാൽവില സംബന്ധിച്ച സംസ്ഥാനത്തെ മൊത്തം ഡയറി സെക്ടറുകളുടെയും മുഖഛായ മാറ്റുമെന്നും ക്ഷീരോൽപാദകമേഖലയിൽ ഇത് വൻതോതിലുള്ള കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ ക്ഷീരവ്യവസായത്തെ തകർക്കുന്ന ആർസിഇപി കരാറിനെ അതിശക്തമായി ചെറുക്കണമെന്ന് അദ്ധ്യക്ഷത വഹിച്ച കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അഭിപ്രായപ്പെട്ടു. മിൽമ എറണാകുളം യൂണിയൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാറിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 403 ലക്ഷം രൂപയും കേന്ദ്ര സർക്കാരിന്റെ ആർകെവിവൈ പദ്ധതി പ്രകാരം അനുവദിച്ച 278 ലക്ഷം രൂപയും യൂണിയന്റെ സ്വന്തം ഫണ്ടിൽ നിന്നുള്ള 50 ലക്ഷം രൂപയും ഉൾപ്പെടെ 7 കോടി 31 ലക്ഷം രൂപ ചിലവഴിച്ചാണ് തൃശൂർ ഡയറി നവീകരിച്ചത്. ഇതിന്റെ ഭാഗമായി പുതിയ പാസ്ച്ചുറൈസേഷൻ പ്ലാന്റ്, ഹോമോജനൈസർ, ബോയിലർ, സിഐപി സിസ്റ്റം, തൈര് ഉൽപാദന യൂണിറ്റ്, റഫ്രിജറേഷൻ സിസ്റ്റം എന്നിവ സജ്ജമാക്കി. ഡയറിയുടെ പ്രതിദിന സംഭരണ വിതരണ ശേഷി ഒരു ലക്ഷം ലിറ്റർ ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്ലാന്റിന്റെ ശിലാഫലക അനാച്ഛാദനം തദവസരത്തിൽ മന്ത്രി അഡ്വ. കെ രാജു നിർവഹിച്ചു. കോർപ്പറേഷൻ മേയർ അജിത വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, മിൽമ ഫെഡറേഷൻ ചെയർമാൻ പി എ ബാലൻ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ എസ് ശ്രീകുമാർ, തിരുവനന്തപുരം മേഖല ഡെപ്യൂട്ടി ഡയറക്ടർ ശാലിനി ഗോപിനാഥ്, ഇആർസിഎംപിയു ചെയർമാൻ ജോൺ തെരുവത്ത് തുടങ്ങിയവർ പങ്കെടുത്തു.

## പുത്തൻചിറ ഗവ. ആയുർവേദ ആശുപത്രി
## ഫിസിയോതെറാപ്പി യൂണിറ്റ് ഉദ്ഘാടനം ഇന്ന്

പുത്തൻചിറ ഗ്രാമപഞ്ചായത്ത് ഗവ. ആയുർവേദ ആശുപത്രിയിൽ പുതുതായി സ്ഥാപിക്കപ്പെട്ട ഫിസിയോതെറാപ്പി യൂണിറ്റിന്റെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 3) നടക്കും. ആയുർവേദ ആശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പ് ആശുപത്രികളുടെ വികസനത്തിനായി വകയിരുത്തിയ ഫണ്ട് ഉപയോഗിച്ചാണ് ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നത്. പെയിൻ ക്ലിനിക്ക്, ഓർത്തോ ഫിസിയോ തെറാപ്പി, ന്യൂറോ ഫിസിയോ തെറാപ്പി, സ്പോർട്സ് ഇഞ്ച്വറി, പിഡിയാട്രിക് & ജെറിയാട്രിക് ഫിസിയോ തെറാപ്പി തുടങ്ങി എല്ലാവിധ ചികിത്സകളും ഇവിടെ ലഭിക്കും. വിദേശരാജ്യങ്ങളിൽ സേവനമനുഷ്ഠിച്ച വിദഗ്ദനായ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും ഇതോടൊപ്പം ലഭ്യമാകും. സാധാരണക്കാർക്ക് ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കി മാതൃകാ സ്ഥാപനമായി ഉയർത്തുക എന്നതാണ് ലക്ഷ്യം. രാവിലെ 10 മണിക്ക് അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. പുത്തൻചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

വി.എ.നദീർ അദ്ധ്യക്ഷത വഹിക്കും. ബ്ലോക്ക് പഞ്ചായത്ത്-ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, വിവിധ ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

## തീയതി നീട്ടി

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 16 വരെ നീട്ടി. ഫോൺ: 0487- 2364900.

## തൊഴിൽരഹിത വേതനം വിതരണം

കാട്ടൂർ ഗ്രാമപഞ്ചായത്ത് തൊഴിൽരഹിത വേതനം സെപ്റ്റംബർ 3, 4 തിയ്യതികളിൽ രാവിലെ പതിനൊന്ന് മണി മുതൽ മൂന്ന് വരെ പഞ്ചായത്ത് ഓഫീസിൽവെച്ച് വിതരണം ചെയ്യുന്നു. അർഹരായവർ ആധാർ കാർഡ്, റേഷൻ കാർഡ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവ സഹിതം ഓഫീസിൽ നേരിട്ടെത്തി വേതനം കൈപ്പറ്റണമെന്ന് സെക്രട്ടറി അറിയിച്ചു.

## മാറ്റി വച്ചു

ജില്ലാ ശിശു ക്ഷേമ സമിതി സെപ്റ്റംബർ ആറിന് നടത്താൻ നിശ്ചയിച്ച യോഗം മാറ്റിയതായി അസി. ഡവലപ്പമെന്റ് കമ്മീഷണർ ജനറൽ അറിയിച്ചു. പുതുക്കിയ തീയതി പിന്നീടറിയിക്കും.

## പുനർലേലം

ജില്ലാ സായുധ സേന കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിൽക്കുന്ന വിവിധ മരങ്ങൾ ഒക്ടോബർ നാലിന് രാവിലെ 11 ന് ജില്ലാ സായുധ സേന പരിസരത്ത് ലേലം ചെയ്യും. ഫോൺ: 0487-2423511.

## പരിശീലനം നടത്തി

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ അബീദലി ഉദ്ഘാടനം ചെയ്തു. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ടി ആർ ജയൻ, കോർഡിനേറ്റർ സി എം സുനിൽ എന്നിവർ പങ്കെടുത്തു. ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും 50 പേർക്ക് വീതം ക്ലാസ്സുകൾ സംഘടിപ്പിക്കും. പരിശീലനത്തിന് ആർ പുരുഷോത്തമൻ, സുജൻ പൂപ്പത്തി, പി ജി അനൂപ്, എ വി അരുൺകുമാർ, എം എസ് ബിനോജ്, വി കെ ശ്രീധരൻ, കെ ബി മുഹമ്മദ് റഫീക്ക് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## സഹകരണ ഓണച്ചന്ത ഉദ്ഘാടനം ഇന്ന്

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന ഓണച്ചന്തകൾ നടത്തുന്നു. തൃശൂർ ജില്ലയിലെ സഹകരണ ഓണച്ചന്ത ഇന്ന് (സെപ്റ്റംബർ 3) രാവിലെ 10 ന് കളക്ടറേറ്റ് അങ്കണത്തിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യും. സംഘം പ്രസിഡണ്ട് പി സുനീഷ് അദ്ധ്യക്ഷത വഹിക്കും. എഡിഎം റെജി പി ജോസഫ് മുഖ്യാതിഥിയാവും. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ടി കെ സതീഷ്കുമാർ ആദ്യവിൽപന നടത്തും. ഡെപ്യൂട്ടി കളക്ടർ എം ബി ഗിരീഷ്, ഹുസൂർ ശിരസ്തദാർ കെ ജി പ്രാൺസിങ് എന്നിവർ പങ്കെടുക്കും.

## ബ്രെറ്റ് ലിയുടെ സന്ദർശനം 3 ന്

കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ കോക്ലിയാർ ഇംപ്ലാൻഷൻ ശസ്ത്രക്രിയക്ക് വിധേയരായ കുട്ടികളും അവരുടെ രക്ഷിതാക്ക

ളുമായി സംവദിക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ മൂന്നിന് രാവിലെ 10.30 ന് ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം ബ്രെറ്റ് ലി എത്തുന്നു. ഇതിനോടനുബന്ധിച്ച് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആതിര ശങ്കർ കേൾവിക്കുറവിന് സംബന്ധിച്ച സെമിനാർ നയിക്കും.

## അഗ്നിശമന സേന ആസ്ഥാനം: സ്ഥലപരിശോധന നടത്തി

മണലൂരിൽ അഗ്നിശമനസേനക്കു ആസ്ഥാനമൊരുക്കാനുള്ള സ്ഥലപരിശോധന നടത്തി. ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തൃശൂർ ജില്ലക്ക് അനുവദിച്ച അഗ്നിശമന സേന ആസ്ഥാനം മണലൂർ മണ്ഡലത്തിലാണ് നിർമിക്കുന്നത്. കെട്ടിടം പണിക്കായി മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം എംഎൽഎ മുരളി പെരുനെല്ലി സന്ദർശിച്ചു. മുല്ലശ്ശേരി ബ്ലോക്ക് പ്രസിഡന്റ് ലത വേണുഗോപാൽ, ജില്ലാ ഫയർ ഓഫീസർ പി രഞ്ജിത്ത് എന്നിവരുടെ നേതൃത്വത്തിലാണ് സ്ഥലപരിശോധന നടത്തിയത്. മണ്ഡലത്തിലെ മറ്റു സ്ഥലങ്ങളിലും പരിശോധന നടത്തി അഗ്നിശമനസേനക് ഉചിതമായ സ്ഥലം കണ്ടെത്തി ഈ സാമ്പത്തികവർഷം തന്നെ കെട്ടിടം പണിക്കു തുടക്കം കുറയ്ക്കുമെന്ന് എംഎൽഎ പറഞ്ഞു.

## കെഎസ്ആർടിസി ബസുകൾ സർവീസ് പുനരാരംഭിച്ചു

ഗുരുവായൂർ ഡിപ്പോയിൽനിന്നും നിർത്തലാക്കിയ കെഎസ്ആർടിസി ബസ് സർവീസുകൾ പുനരാരംഭിച്ചു. മുരളി പെരുനെല്ലി എംഎൽഎയുടെ നിരന്തര ഇടപെടലിനെ തുടർന്നാണ് 8 മണി കായംകുളം -പാങ്, പാവറട്ടി, തൃശൂർ വഴിയുള്ളതും 8.45 നു വാടാനപ്പള്ളി-കാഞ്ഞാണി- തൃശൂർ വഴിയുള്ളതുമായ രണ്ട് ഷെഡ്യൂളുകൾ സെപ്റ്റംബർ ഒന്നുമുതൽ പുനരാരംഭിച്ചത്. കായംകുളം, തൃശൂർ മേഖലകളിലേക്കുള്ള ജോലിക്കാരും വിദ്യാർത്ഥികളുമായി നിരവധി യാത്രക്കാർ ആശ്രയിച്ചിരുന്നത് കെഎസ്ആർടിസിയെയാണ്. കെഎസ്ആർടിസി എക്സികുട്ടീവ് ഡയറക്ടറുമായി ബന്ധപ്പെട്ടാണ് സർവീസ് പുനരാരംഭിക്കാനുള്ള ഉത്തരവ് ലഭിച്ചത്.

## ടോട്ടൽ സ്റ്റേഷൻ പരിശീലനം

ദേശമംഗലം ഗവ.ഐടിഐയിൽ നടത്തുന്ന ടോട്ടൽ സ്റ്റേഷൻ കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 20. കൂടുതൽ വിവരങ്ങൾക്ക് ഐടിഐ ഓഫീസുമായോ www.norkaroots.org എന്ന വെബ്സൈറ്റിൽ നിന്നോ അറിയാം. ഫോൺ: 04884-279944.

## സപ്ലൈകോ ഓണച്ചന്ത ആരംഭിച്ചു

ചാലക്കുടിയിൽ സപ്ലൈകോ ഓണച്ചന്ത ബി ഡി ദേവസ്സി എംഎൽഎ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ഷീജു ആദ്യ വിൽപ്പന നടത്തി. മുനിസിപ്പൽ ചെയർപേഴ്സൺ ജയന്തി പ്രവീൺ കുമാർ അധ്യക്ഷത വഹിച്ചു. ഗൃഹോപകരണങ്ങൾ, പച്ചക്കറി, പല വ്യഞ്ജനങ്ങൾ, കയർഫെഡ് ഉല്പന്നങ്ങൾ തുടങ്ങിയവ സപ്ലൈകോ ഓണം ഫെയറിൽ വില്പനക്കായി ഒരുക്കിയിട്ടുണ്ട്. കുടുംബശ്രീയുടെയും മറ്റും വൈവിധ്യമാർന്ന മേളയുടെ ഭാഗമായി ഉണ്ടാകും. ചാലക്കുടി സപ്ലൈകോ ഡിപ്പോ മാനേജർ സാബു പോൾ തട്ടിൽ, താലൂക്ക് സപ്ലൈ ഓഫീസർ ടി ജെ ആശ തുടങ്ങിയവർ പങ്കെടുത്തു.

## കൊടുങ്ങല്ലൂരിൽ സപ്ലൈകോ ഓണച്ചന്ത ആരംഭിച്ചു

കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓണച്ചന്ത ആരംഭിച്ചു. ശൃംഗപുരം പീപ്പിൾസ് ബസാറിൽ ഓണച്ചന്തയുടെ ഉദ്ഘാടനം അഡ്വ.വി.ആർ.സുനിൽകുമാർ എംഎഎ നിർവ്വഹിച്ചു. അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, ഏത്തക്കായ എന്നിവ സബ്സിഡി നിരക്കിൽ ഇവിടെ ലഭ്യമാണ്. കൂടാതെ വിവിധ ഗൃഹോപകരണങ്ങളും ചുരുങ്ങിയ വിലയിൽ ലഭിക്കും. സെപ്റ്റംബർ 10 വരെ ഓണച്ചന്ത തുടരും. നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ്

ചെയർപേഴ്സൺ ഹണി പീതാംബരൻ ആദ്യ വിൽപ്പന നിർവ്വഹിച്ചു. കൗൺസിലർമാരായ കെ.എസ്.കൈസാബ്, വി.ജി.ഉണ്ണികൃഷ്ണൻ, ഡോ.ആശാലത, പി.പി.സുഭാഷ്, താലൂക്ക് സപ്ലൈ ഓഫീസർ സുധീർ എന്നിവർ സംസാരിച്ചു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി ബോധിഗ്രാമീണ വേദി

തൃശൂർ കണ്ണംകുളങ്ങര ബോധിഗ്രാമീണ വേദി സമാഹരിച്ച 111111 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകി. ഗ്രാമീണവേദി ഭാരവാഹികൾ കളക്ടറുടെ ചേമ്പറിലെത്തി ജില്ലാ കളക്ടർ എസ് ഷാനവാസിന് തുകയുടെ ചെക്ക് കൈമാറി. ഗ്രാമീണവേദി സെക്രട്ടറി പി വി ഷൈജു, പ്രസിഡണ്ട് ഇ എ അബ്ദുൾസലാം, ഖജാൻജി എം കെ ഷമീർ എന്നിവരുടെ നേതൃത്വത്തിലാണ് ചെക്ക് കൈമാറിയത്.

## ഗസ്റ്റ് ഇൻസ്ട്രക്ടർ

ദേശമംഗലം ഐടിഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം സെപ്റ്റംബർ അഞ്ച് രാവിലെ 10.30 ന് അഭിമുഖത്തിന് എത്തണം. ഫോൺ: 04484-279944.

## ദർഘാസ്

മണ്ണുത്തി സംസ്ഥാന ബയോ കൺട്രോൾ ലാബിൽ മാലിന്യ നിർമാർജന പ്ലാന്റ് സ്ഥാപിക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. ഫോൺ: 0487-2374605.

## സപ്ലൈകോ ഓണച്ചന്ത ആരംഭിച്ചു

ഇരിങ്ങാലക്കുട സപ്ലൈകോ ഓണച്ചന്ത പ്രൊഫ കെ യു അരുണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി എ മനോജ് കുമാർ ആദ്യ വിൽപ്പന നടത്തി. മുനിസിപ്പൽ ചെയർപേഴ്സൺ നിമ്യ ഷിജു അധ്യക്ഷത വഹിച്ചു. സെപ്റ്റംബർ രണ്ടു മുതൽ പത്തു വരെ ഇരിങ്ങാലക്കുട സപ്ലൈകോ സൂപ്പർ മാർക്കറ്റിലാണ് ഓണംഫയർ ഒരുക്കിയിട്ടുള്ളത്. ചടങ്ങിൽ ചാലക്കുടി സപ്ലൈകോ ഡിപ്പോ ജൂനിയർ മാനേജർ ഇ വി സുരേഷ്, വാർഡ് കൗൺസിലർ പി വി ശിവകുമാർ, മുകുന്ദപുരംതാലൂക്ക് സപ്ലൈകോ ഓഫീസർ എസ് കമറുദീൻ തുടങ്ങിയവർ പങ്കെടുത്തു.